**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4117** **03-03-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട നികുതി പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവം കാട്ടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടില്ല. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ വസ്തുനികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 50704.4 (തുക ലക്ഷത്തിൽ) രൂപ (81.85%) പിരിച്ചെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നിലവിൽ 66.93% നികുതി ഇതിനോടകം തന്നെ ഗ്രാമപഞ്ചായത്തുകൾ പിരിച്ചെടുത്തിട്ടുണ്ട്. കേരളത്തിലെ നഗരസഭകളിലും കെട്ടിടനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേഖലാ ജോയിന്റ് ഡയറക്ടർ തലത്തിൽ കുടിശ്ശിക പിരിവിന്റെ പുരോഗതി വിലയിരുത്തി നഗരസഭാ സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (ബി) | സാധാരണക്കാർ കൃത്യമായി നികുതി അടയ്ക്കുമ്പോൾ വൻകിട കെട്ടിട ഉടമകളും വ്യാപാര കേന്ദ്രങ്ങളും നികുതി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഴുവൻ നികുതി ദായകർക്കും നികുതി അടയ്ക്കുന്നതിനായി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതും നികുതി ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (സി) | കെട്ടിട നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഗ്രാമപഞ്ചായത്തുകളുടെ നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് സംസ്ഥാനതലത്തിൽ താഴെ പറയുന്ന ക്രിയാത്മക നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. നിശ്ചിത ഇടവേളകളിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നികുതി പിരിവ് അവലോകനം നടത്തുന്നുണ്ട്.<br><br>2. ഓൺലൈൻ പേയ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 3. പിഴപ്പലിശ ഒഴിവാക്കി നൽകി.<br><br>4.വാർഡ് തലത്തിൽ നികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>5. നികുതി കുടിശ്ശികയുള്ളവർക്ക് അലർട്ട് മെസേജ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>6.കുടിശ്ശികയുള്ള എല്ലാ നികുതി ദായകർക്കും മെസേജ് അയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നഗരസഭകളിലും കെട്ടിട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിനു നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. കേരളത്തിലെ നഗരസഭകളിൽ വസ്തു നികുതി പിരിച്ചെടുക്കാൻ നഗരസഭകളിലെ വാർഡുകൾ തോറും നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നീ രീതികൾ വഴി വ്യാപക പ്രചരണം നടത്തി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ അവധി ദിവസങ്ങളിലും നഗരസഭകളിൽ ക്യാഷ് കൗണ്ടറുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ജോയിന്റ് ഡയറക്ടർ തലത്തിൽ അവലോകനം നടത്തി സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. വസ്തു നികുതി പിരിവിന് പ്രത്യേകം ക്യാമ്പുകൾ നടത്തി വരുന്നുണ്ട്. കുടിശിക ആയിട്ടുള്ള വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് കുടിശികയിൻമേലുള്ള പിഴപലിശ മാർച്ച് 31 വരെ ഒഴിവാക്കി സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ